ഉത്തരം

(എ) 38163.

(ബി) 8635.

(സി) കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന് ഇക്കാര്യത്തിന്മേൽ തീരുമാനമെടുക്കേണ്ടതാണ്.

(ഡി) 2011-ലെ ഹജ്ജ് ആക്ഷൻ പ്ലാൻ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഇതുവരെ തീരുമാനിച്ചിട്ടില്ല. 2011-ലെ ഹജ്ജിനുള്ള അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

മത്സ്യമേഖലയിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

189 (1659) ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് നമ്പർ 50/2009/പജ.പവ.വിവ, തീയതി 2-7-2009 മാതൃകയിൽ, ആവശ്യമായ മാറ്റങ്ങൾ വരുത്തി ഫിഷറീസ് മേഖലയിലെ അഹിന്ദുക്കളായ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് ഓരോ വർഷവും ശരാശരി ചെലവാകുന്ന തുക എത്രയെന്ന് അറിയിക്കുമോ ;

(സി) ഈ ഇനത്തിൽ ഇപ്പോൾ കുടിശ്ശികത്തുക എത്രയെന്ന് അറിയിക്കുമോ ;

(ഡി) എല്ലാ വർഷവും ബഡ്ജറ്റിൽ തന്നെ ഇതിനാവശ്യമായ തുക ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുഴുവൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാൻ കഴിയുന്ന വിധത്തിൽ 2-7-2009-ലെ 50/2009/പജപവ. ഉത്തരവിന്റെ മാതൃകയിലുള്ള ഉത്തരവ് ഫിഷറീസ് വകുപ്പിലും ഉടൻ തന്നെ പുറപ്പെടുവിക്കാൻ കഴിയുന്നതാണ്.

(ബി) കഴിഞ്ഞ 5 വർഷം അനുവദിച്ചു നൽകപ്പെട്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

2008-07	—	3.5 കോടി രൂപ
2007-08	—	3.5 "
2008-09	—	3.5 "
2010-11	—	11 "
ആകെ	—	30 "

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലകൾക്ക് അനുവദിച്ച തുക ജില്ലകളിൽ നിന്ന് നൽകിവരുന്നു. നിലവിൽ കുടിശ്ശിക ഇല്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്. 2011-12 വർഷം ബഡ്ജറ്റിൽ ഇതിനായി 600 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യോൽപ്പാദനം

190 (1660) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ മത്സ്യക്കൃഷി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ എത്ര ഹെക്ടർ പ്രദേശങ്ങളിൽ ഇത്തരം മത്സ്യക്കൃഷി നടത്തിവരുന്നു എന്നറിയിക്കുമോ ;

(സി) ഇത്തരത്തിൽ മത്സ്യക്കൃഷി നടപ്പിലാക്കുക വഴി സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ പ്രതിവർഷം എന്തു വർദ്ധനവ് വരുത്താനായിട്ടുണ്ട് എന്നറിയിക്കുമോ ;

(ഡി) ഈ രംഗത്ത് ഇനിയും എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) ഇതിനായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ എന്തൊക്കെ സഹകരണമാണ് ഉറപ്പുവരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2008-09 മുതൽ 'മത്സ്യകേരളം' പദ്ധതി നടപ്പാക്കി വരുന്നു. ടി പദ്ധതി പ്രകാരം 10000 ഹെക്ടറിൽ ജലകൃഷി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ഇതിനകം തന്നെ 14821 ഹെക്ടറിൽ മത്സ്യ/ചെമ്മീൻ കൃഷി നടത്തുവാൻ സാധിച്ചു. കൂടാതെ സംസ്ഥാനത്തെ മത്സ്യ കൃഷിക്കനുയോജ്യമായ മുഴുവൻ പൊതു ജലശായങ്ങളിലും ഗുണമേന്മ ഉറപ്പാക്കിയ ശുദ്ധജല മത്സ്യം/ ആറ്റുകൊഞ്ച് നിക്ഷേപിക്കുന്ന റാഞ്ചിംഗും സംഘടിപ്പിക്കുകയുണ്ടായി. അഡാക്കു മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കുശേഷം മത്സ്യക്കൃഷി നടത്തുന്ന 'ഒരു നെല്ലും ഒരു മീനും' പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റുകൊഞ്ച് കൃഷിയും നടപ്പാക്കിവരുന്നു. വിദർഭ പാക്കേജ് വഴി മത്സ്യക്കൃഷി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കിവരുന്നു. മത്സ്യകേരളം പദ്ധതിയിലൂടെ കർഷകർക്ക് മത്സ്യവിത്തും, തീറ്റയും സൗജന്യമായി നൽകുകയും, ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly